(ഇ) സയ്ദ് ഹൈദർ അലി ശിഹാബ് തങ്ങൾ ചെയർമാൻ, ഗ്രേയ്സ് എഡ്യൂക്കേഷണൽ അസോസിയേഷൻ പി.ബി. നമ്പർ 3, പി.ഒ. വെളിമുക്ക്, മലപ്പുറം ജില്ല 676317

(എഫ്) 27-3-2012-ൽ ചേർന്ന സിൻഡിക്കേറ്റ് യോഗം ഗ്രേസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അപേക്ഷ അംഗീകരിച്ചുകൊണ്ടുള്ള തീരുമാനം 24-4-2012-ലെ സിൻഡിക്കേറ്റ് യോഗം റദ്ദാക്കുകയുണ്ടായി.

## കാലിക്കറ്റ്, എം.ജി. യൂണിവേഴ്സിറ്റികളിൽ അസി. പ്രൊഫസർമാരുടെ ശമ്പളം ലഭിക്കുന്നതിനുള്ള നടപടികൾ

91 (7167) ശ്രീ. ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാലിക്കറ്റ് എം. ജി. യൂണിവേഴ്സിറ്റികളുടെകീഴിലുള്ള വിവിധ കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ തസ്തികയിൽ നിയമനം ലഭിച്ചവർക്ക് ശമ്പളം ലഭിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കോതമംഗലം എം.എ കോളേജിൽ, 2011 ജൂണിൽ അസിസ്റ്റന്റ് പ്രൊഫസർ ആയി ജോലിയിൽ പ്രവേശിച്ച ശ്രീ. സജിൻ പോളിന് ശമ്പളം ലഭിക്കാത്തത് സംബന്ധിച്ച് സമർപ്പിച്ച അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്ത് നടപടി സ്വീകരിച്ചു ;

(സി) അസിസ്റ്റന്റ് പ്രൊഫസർമാർക്ക് ശമ്പളം നൽകുന്നതിനുള്ള നടപടികൾ അടിയന്തരമായി സ്വീകരിക്കാമോ ?

### ഉത്തരം

(എ&ബി) ഇല്ല.

(സി) കാലിക്കറ്റ് എം.ജി. സർവ്വകലാശാലകളിലെ വിവിധ കോളേജുകളിൽ നിയമിക്കപ്പെടുന്ന അസിസ്റ്റന്റ് പ്രൊഫസർമാർക്ക് നിയമനാംഗീകാരത്തെ തുടർന്ന് ക്രമപ്രകാരമുള്ള ബില്ലുകൾ സമർപ്പിക്കപ്പെട്ടാൽ ബന്ധപ്പെട്ട മേഖലാ ഡെപ്യൂട്ടി ഡയറക്ടർമാർ ശമ്പള ബില്ലുകൾ മേലൊപ്പ് വച്ച് പാസാക്കി നൽകുന്നുണ്ട്. എന്തെങ്കിലും അപാകതകൾ ശ്രദ്ധയിൽപ്പെട്ടാൽ മാത്രമേ ബില്ലുകൾ അപാകതകൾ പരിഹരിക്കപ്പെടുന്നതുവരെ മാറ്റിവയ്ക്കുന്നുള്ളൂ.

## കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് തസ്തികയിലെ നിയമനം

92 (7168) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ അസിസ്റ്റന്റ് ഗ്രേഡ് നിയമനത്തിനായി തയ്യാറാക്കിയ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ എത്രപേർക്ക് നിയമനം നൽകിയിട്ടുണ്ട് ; നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ ; റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്ന് അവസാനിക്കുമെന്ന് അറിയിക്കാമോ ;

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ താല്ക്കാലികാടിസ്ഥാനത്തിൽ പ്രസ്തുത തസ്തികയിലേക്ക് നിയമനം നടത്തിയിട്ടുണ്ടോ ; എങ്കിൽ എത്ര പേരെയാണ് നിയമിച്ചതെന്ന് അറിയിക്കുമോ ;

(ഡി) താല്ക്കാലികമായി നിയമിച്ചവരെ പിരിച്ചുവിട്ട് പ്രസ്തുത റാങ്ക് ലിസ്റ്റിലുള്ളവരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ആക്ട് 1986-ലെ സെക്ഷൻ 31 (10) പ്രകാരം റാങ്ക് ലിസ്റ്റിന്റെ കാലാവധി റാങ്ക് ലിസ്റ്റ് പബ്ലിഷ് ചെയ്ത തീയതി മുതൽ രണ്ടു വർഷമാണ്. ആയതിനാൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി 5-7-2012-ൽ അവസാനിച്ചു. റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടുന്നതിനുള്ള പ്രൊപ്പോസൽ 30-6-2012-ൽ കൂടിയ സിൻഡിക്കേറ്റിൽ വച്ചിരുന്നെങ്കിലും സമയം അപര്യാപ്തമായതിനാൽ തീരുമാനമാകാതെ മാറ്റി വച്ചിരിക്കുകയാണ്.

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെയായി 82 പേർക്ക് നിയമനം നൽകിയിട്ടുണ്ട്. ഒരു Non Joining Duty വേക്കൻസിക്കെതിരെ നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഡ്യൂട്ടിക്ക് റിപ്പോർട്ട് ചെയ്യാനുള്ള അവസാന തീയതി 16-7-2012 ആണ്. നിലവിൽ യൂണിവേഴ്സിറ്റിയിൽ വേക്കൻസികൾ ഒന്നുതന്നെ ഇല്ല. ലീവ്/ഡെപ്യൂട്ടേഷൻ വേക്കൻസികൾ ഒൻപതെണ്ണമാണ് ഉള്ളത്.

(സി) റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ റഗുലർ വേക്കൻസികളിലേക്ക് താൽക്കാലികാടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

(ഡി) അത്തരം നടപടികളുടെ സാധ്യത ഉദിക്കുന്നില്ല.

**നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ**

93 (7169) <u>ശ്രീ. ബാബു എം. പാലിശ്ശേരി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതി നിയോഗിച്ച വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് പ്രകാരം സംസ്ഥാനത്ത് സ്വാശ്രയ മേഖലയിൽ എത്ര എഞ്ചിനീയറിംഗ് കോളേജുകളാണ് നിലവാരം കുറഞ്ഞതായി കണ്ടെത്തിയിട്ടുള്ളത് ; അവയുടെ പേരുവിവരം വ്യക്തമാക്കാമോ ;

(ബി) നിലവാരം കുറഞ്ഞ സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജുകൾ അടച്ചുപൂട്ടുന്നകാര്യം പരിഗണിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly